**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **4199** **24.06.2019** -ലെ മറുപടി

**<u>നെയ്യാർ ഡാമിലെ ചിൽഡ്രൻസ് പാർക്കിന്റെ നവീകരണം</u>**

ചോദ്യം
ശ്രീ.സി.കെ. ഹരീന്ദ്രൻ

മറുപടി
കെ.കൃഷ്ണൻകുട്ടി
ജലവിഭവ വകുപ്പുമന്ത്രി

| | | | |
|---|---|---|---|
| എ) | തെക്കൻ കേരളത്തിലെ പ്രധാനപ്പെട്ട വിനോദസഞ്ചാരകേന്ദ്രമായ നെയ്യാർഡാമിലെ ചിൽഡ്രൻസ് പാർക്കിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | പ്രസ്തുത ചിൽഡ്രൻസ് പാർക്കിന്റെ നവീകരണത്തിനായി ഏതെങ്കിലും തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | ബി) | ഉണ്ട്, ടൂറിസം വകുപ്പ് മുഖേന ജലസേചന വകുപ്പ് നെയ്യാർഡാമിൽ നടപ്പിലാക്കുന്ന "Development of Neyyar Dam as a Tourist Destination" എന്ന പദ്ധതിയുടെ പുതുക്കിയ എസ്റ്റിമേറ്റിൽ ചിൽഡ്രൻസ് പാർക്കിന്റെ നവീകരണത്തിനായി 4.75 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| സി) | ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം നെയ്യാർഡാമിൽ ഇറിഗേഷൻ വകുപ്പിനുകീഴിൽ ഏതൊക്കെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്നും ആയതിലേക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ; | സി) | ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം നെയ്യാർഡാമിൽ ഇറിഗേഷൻ വകുപ്പിനുകീഴിൽ നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

| | | | |
|---|---|---|---|
| ഡി) | നെയ്യാർഡാമിൽ ഇറിഗേഷൻ വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതും ഡി.പി.ആർ തയ്യാറാക്കി വരുന്നതുമായ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ? | ഡി) | 1) 2019-20 സാമ്പത്തിക വർഷത്തിൽ നെയ്യാർ ഡാം ജലസേചന പദ്ധതിയുടെ മെയിന്റനൻസ് ഹെഡിൽ ഉൾപ്പെടുത്തി 40 ലക്ഷം രൂപയുടെ അറ്റകുറ്റപണികൾ ചെയ്യുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കി വരുന്നു. ഇതിൽ ഡാമിലെ ഗാലറിക്കുള്ളിലെ ലൈറ്റിംഗ് സംവിധാനം, കുടിവെള്ള യൂണിറ്റുകൾ സ്ഥാപിക്കൽ ടോയിലെറ്റ് ബ്ലോക്ക് നിർമ്മിക്കൽ, ഗാർഡൻ മ്യൂസിക് സിസ്റ്റം മുതലായവ ഉൾപ്പെടുന്നു.<br>2) ഡാം പെയിന്റിങ്ങും അനുബന്ധ പ്രവൃത്തികളും നടത്തുന്നതിന് 43,88,970 രൂപ യുടെ അംഗീകാരം 2017-18 സാമ്പത്തിക വർഷത്തിൽ ലഭിച്ചിരുന്നു. ഇതിന്റെ സാങ്കേതികാനുമതി നൽകി ടെന്റർ ക്ഷണിക്കുന്നതിനുള്ള നടപടികൾ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നടന്നു വരുന്നു.<br>3) നെയ്യാർ ഡാമിൽ ഇടതുകര മെയിൻ കനാലിന്റെ 450-ാം മീറ്ററിൽ കനാലിനു കുറുകെ പാലം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് 20ലക്ഷം രൂപയുടെ ടെന്റർ ക്ഷണിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

1. Development of Neyyardam as a Tourist destination- Phase I " എന്ന പ്രവൃത്തിയിൽ ഉൾപ്പെട്ട സിവിൽ പ്രവൃത്തികൾക്കായി 329.99 ലക്ഷം രൂപ അടങ്കൽ തുക വരുന്ന പ്രവൃത്തികൾ ജലസേചന വകുപ്പ് 22.01.2018-ൽ ആരംഭിച്ചിട്ടുണ്ട്. ഇതിൽ 75 ശതമാനത്തിലധികം പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. സ്വിമ്മിംഗ് പൂളിന്റെ നവീകരണം ചിൽഡ്രൻസ് പാർക്കിന്റെ നവീകരണം എന്നിവ ഉൾപ്പെടുത്തിയ പുതുക്കിയ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ പരിശോധിച്ച് വരുന്നു.
2. "NIP- Instrumental museum at Neyyardam"എന്ന പ്രവൃത്തി ഡാം ടോപ്പിൽ നിലവിലുള്ള ഹാൾ നവീകരിച്ച് ഇലക്ട്രിഫിക്കേഷൻ ഉൾപ്പെടെ 43,72,835 രൂപ ചെലവിൽ പൂർത്തീകരിച്ചിട്ടുണ്ട്
3. "NIP Dam Safety Work – Reconstruction Pillar Post at Dam Top of Neyyardam " എന്ന പ്രവൃത്തി 6,31,401 രൂപ ചെലവിൽ പൂർത്തീകരി ച്ചിട്ടുണ്ട്.
4. "NIP Garden Plumbing Work in Neyyardam – Campus" എന്ന പ്രവൃത്തി 6,90,757 രൂപ ചെലവിൽ പൂർത്തീകരിച്ചിട്ടുണ്ട്
5. "NIP– Emergency Work in connection with Onam Festival 2017 in Neyyardam Campus " എന്ന പ്രവൃത്തി 5,76,236 രൂപ ചെലവിൽ പൂർത്തീകരി ച്ചിട്ടുണ്ട്.
6. "NIP - maintenance of resort and other allied works in Neyyar Dam" എന്ന പ്രവൃത്തി 5,67,442 രൂപ ചെലവിൽ പൂർത്തീകരിച്ചിട്ടുണ്ട്
7. 45 ലക്ഷം രൂപ ചെലവ് വരുന്ന "Renovation and maintenance of Project House, Canteen Building and other interior works of Neyyardam" എന്ന പ്രവൃത്തി 75 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിച്ചവ പുരോഗമിച്ച് വരുന്നു.
8. "NIP- Restoration of Damaged side wall of River near Neyyardam during the OKHI - 2017" എന്ന പ്രവൃത്തി 8,69,968 രൂപ ചെലവിൽ പൂർത്തീകരിച്ചിട്ടുണ്ട്
9. "Providing Temporary lighting arrangements and Generator Supply at Neyyardam in connection with Onam week 2017" എന്ന പ്രവൃത്തി 9,68,679 രൂപ ചെലവിൽ പൂർത്തീകരിച്ചിട്ടുണ്ട്
10. "DRIP – Rehabilitation and basic facilities of Neyyar Irrigation Project - Civil Work" എന്ന പ്രവൃത്തി 5,89,29,169 രൂപ ചെലവിൽ11.01.2016-ൽ ആരംഭിച്ചു. Reservoir Boundary, demarcating and protective measures, construction of control room, construction of canteen building, renovation of internal roads, renovation of stilling basin and its down stream side എന്നീ ഘടകങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ നാട്ടുകാരുടെ എതിർപ്പ് കാരണം റിസർവ്വോയറിനു ചുറ്റുമുള്ള ഫെൻസിംഗ് പ്രവൃത്തികൾ പൂർത്തിയാക്കുവാൻ കഴിഞ്ഞിരുന്നില്ല. തുടർന്ന് പ്രസ്തുത പ്രവൃത്തിക്ക് പകരം എല്ലാ റോഡുകളുടെയും പുനരുദ്ധാരണപ്രവൃത്തികൾ ഉൾപ്പെടുത്തി പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുകയും സപ്ലിമെന്ററി എഗ്രിമെന്റ് വയ്ക്കുകയും ചെയ്തിട്ടുണ്ട്. 2019 സെപ്റ്റംബറിന് മുമ്പ് പ്രസ്തുതറോഡുകളുടെ പുനരുദ്ധാരണം പൂർത്തിയാക്കണമെന്ന് സർക്കാർ നിർദ്ദേശവും നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ